"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം -കണ്ണൂർ ജില്ലയിലെ കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.സുദേശൻ മമ്മാലി, മുൻ സാനിറ്ററി ഇൻസ്പെക്ടർ ശ്രീമതി.ലളിത എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1698/2022/LSGD തീയതി,തിരുവനന്തപുരം, 18-07-2022

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.01.2014 ലെ ഇ13(വി.ഇ7/14/കെ. എൻ. ആർ) 19477/2013 നമ്പർ റിപ്പോർട്ട്
2. സർക്കാരിന്റെ 06.08.2014 ലെ 27148/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം
3. സർക്കാരിന്റെ 13.10.2014 ലെ 27148/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം
4. ശ്രീമതി ലളിത. വി യുടെ 18.02.2018 ലെ ഡി9 - 39705/12 നമ്പർ കത്ത്
5. പഞ്ചായത്ത് ഡയറക്ടറുടെ 16.02.2018 ലെ ഡി9 - 39705/12 നമ്പർ കത്ത്
6. സ. ഉ. (സാധാ) നം. 968/2022/തസ്വഭവ തീയതി 19.04.2022
7. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.06.2022 ലെ ഡിഡിപി - കെ.എൻ.ആർ/3427/2020 - എ3 നമ്പർ ഔപചാരികാന്വേഷണ റിപ്പോർട്ട്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്തിൽ 06.08.2012 ന് പ്രകൃതിക്ഷോഭം ഉണ്ടായതിനോടനുബന്ധിച്ചുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്കുത്തരവാദിയായ പഞ്ചായത്ത് സെക്രട്ടറി ശ്രീ. സുദേശൻ മമ്മാലി, സാനിറ്ററി ഇൻസ്പെക്ടർ ശ്രീമതി.ലളിത എന്നിവർക്ക് യഥാക്രമം പരാമർശം (2), (3) എന്നിവ പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീമതി.ലളിത.വി. പരാമർശം (4) പ്രകാരം മറുപടി ലഭ്യമാക്കുകയും. ശ്രീമതി.ലളിതയുടെ എതിർ വാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിരുന്നു. എന്നാൽ സുദേശൻ മമ്മാലിയുടെ കേസുമായി ബന്ധപ്പെട്ട ഫയലുകൾ കോടതിയുടെ പരിഗണനയിൽ ആയതിനാൽ ടിയാന്റെ എതിർ വാദ

പത്രികയിന്മേൽ മറുപടി ലഭ്യമാക്കിയിരുന്നില്ല.

ശ്രീ.സുദേശൻ മമ്മാലി, ശ്രീമതി.ലളിത എന്നിവർക്കെതിരെ കഠിന ശിക്ഷക്കുള്ള അച്ചടക്ക നടപടിയാണ് ആരംഭിച്ചിട്ടുള്ളത് എന്നതിനാലും ശ്രീ.സുദേശൻ മമ്മാലി സർവീസിൽ നിന്നും വിരമിച്ചതിനാലും ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ചട്ടപ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ പരാമർശം (6) പ്രകാരം ചുമതലപ്പെടുത്തി ഉത്തരവാകുകയും ആയതിന് ടിയാൻ പരാമർശം (7) പ്രകാരം ഔപചാരികാന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് പ്രകാരം കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ഇരിട്ടി ടൗണിലുണ്ടായ വെള്ളപ്പൊക്കത്തിൽ ടൗണിൽ അടിഞ്ഞ് കൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ലഭിച്ച സർക്കാർ ഫണ്ട് ആരോപണ വിധേയർ ഒത്ത് ചേർന്ന് ഗൂഢാലോചന നടത്തി തിരിമറി നടത്തിയിട്ടുണ്ടോയെന്നും എതിർവാദ പത്രികയിലും നേരിൽ നൽകിയ മൊഴിയിലും ശ്രീമതി.ലളിത.വി, ശ്രീ. സുതേശൻ മമ്മാലി എന്നിവർ പ്രസ്താവിച്ച കാര്യങ്ങൾ വസ്തുതാപരമാണോ എന്നും പരിശോധിക്കുന്നതിന് ആയതുമായി ബന്ധപ്പെട്ട ഫയൽ, ആരോപണ വിധേയരായ ജീവനക്കാരെ നേരിൽ കേൾക്കുന്ന ദിവസം ഹാജരാക്കുന്നതിന് ഇരിട്ടി നഗരസഭ സെക്രട്ടറിക്ക് അറിയിപ്പ് നൽകിയിരുന്നെന്നെങ്കിലും ടി ദിവസം ആയത് ഹാജരാക്കിയിരുന്നില്ല എന്നും ഇരിട്ടി നഗരസഭ സെക്രട്ടറിയുടെ 24/05/2022 ലെ ജി1/5592/21 നമ്പർ കത്ത് പ്രകാരം ഫയൽ ഇരിട്ടി നഗരസഭ ഓഫീസിൽ ലഭ്യമല്ല എന്ന് അറിയിച്ചിട്ടുണ്ട് എന്നും കേസ്സിന്റെ ആവശ്യത്തിലേക്ക് ആയത് ഇരിട്ടി പോലീസ് കണ്ടുകെട്ടി കോടതിയിൽ സമർപ്പിച്ചതാണെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

മേൽ ആരോപണവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള ഫയൽ പരിശോധന നടത്തിയതിൽ 09/08/2012 ന് ചേർന്ന കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിലെ 93/12 നമ്പർ തീരുമാന പ്രകാരം വെള്ളപ്പൊക്കത്തിൽ അടിഞ്ഞ് കൂടിയ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും കിണറുകൾ വൃത്തിയാക്കുന്നതിനും ആവശ്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവ് ചെയ്യുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആയതിന് നേതൃത്വം നൽകുന്നതിനും പ്രസിഡന്റിനെ ചുമതലപ്പെടുത്തിയും ആവശ്യമായ തുക മുൻകൂർ എടുത്ത് അടിയന്തിര ചെലവുകൾ നടത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും തീരുമാനിച്ചിട്ടുണ്ട്. 27/08/2012 ന് ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗം 96/12 നമ്പർ തീരുമാന പ്രകാരം കച്ചവട സ്ഥാപനങ്ങളിൽ കേടായ ധാന്യങ്ങൾ സമീപ കൽപ്പണകളിൽ നിക്ഷേപിച്ച് മണ്ണിട്ട് മൂടിയതിന് ചെലവായ 87600 രൂപയും ശുചീകരണ തൊഴിലാളികൾക്ക് നൽകിയ 1,59,842 രൂപയും ഭരണസമിതി ചർച്ച ചെയ്ത് അംഗീകരിച്ചിട്ടുണ്ട്. ശ്രീമതി.ലളിത.വി, ശ്രീ സുതേശൻ മമ്മാലി എന്നിവർ എതിർവാദ പത്രികയിലും നേരിൽ നല്കിയ മൊഴിയിലും പ്രസ്താവിച്ച 09.08.2012 ൽ ചേർന്ന പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര യോഗത്തിൽ ശുചീകരണ പ്രവൃത്തികൾ നടത്തുന്നതിന് പഞ്ചായത്ത് പ്രസിഡണ്ടിനെ ചുമതലപ്പെടുത്തുകയും അടിയന്തിര ചെലവുകൾ ചെയ്യുന്നതിന് സെക്രട്ടറിയെ അധികാരപ്പെടുത്തുകയും ചെയ്തു എന്നതും 27.08.2012 ൽ ചേർന്ന പഞ്ചായത്ത് ഭരണ സമിതിയുടെ യോഗത്തിൽ ഈ ചെലവുകൾ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തു എന്നതും വസ്തുതാപരമാണെന്നും ശുചീകരണ പ്രവർത്തികൾക്കാവശ്യമായ സാമഗ്രികൾ സപ്ലൈ ചെയ്യണമെന്ന സാനിട്ടറി ഇൻസ്പെക്ടറുടെ ആവശ്യ പ്രകാരം 08/08/2012 ലെ വൗച്ചർ നമ്പർ 21200645 പ്രകാരം ശുചീകരണ സാധനങ്ങൾ

വാങ്ങുന്നതിന് സാനിറ്ററി ഇൻസ്പെക്ടർക്ക് 10000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതു പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. ടി തുക അനുവദിച്ചത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. സി എച്ച് ചെന്താമരാക്ഷൻ എന്നവരാണ്. ഇരിട്ടി ടൗണിൽ വെള്ളം കയറി നശിച്ച സാധനങ്ങൾ നീക്കം ചെയ്ത് പൊതുജനങ്ങൾക്ക് ശല്യമുണ്ടാക്കാത്ത രീതിയിൽ കുഴിച്ച് മൂടിയിട്ടുണ്ട് എന്നും ആയതിന് 08/08/2012 മുതൽ 16/08/2012 വരെയുള്ള 9 ദിവസങ്ങളിൽ 74 പേർ ജോലി ചെയ്തിട്ടുണ്ട് എന്നും കൂലി അനുവദിക്കാവുന്നതാണ് എന്നുമുള്ള സാനിറ്ററി ഇൻസ്പെക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലും (08/08/2012 മുതൽ 16.08.2012 വരെ 9 ദിവസം മാലിന്യങ്ങൾ നീക്കിയ വകയിൽ പ്രതിദിനം 240 രൂപ വീതം 74 തൊഴിലാളികൾക്ക് 1,59,840 രൂപ) മസ്റ്റർറോളിന്റെ അടിസ്ഥാനത്തിലും 1,59,840 രൂപ 18/08/2012 ലെ വൗച്ചർ നമ്പർ 21200755 പ്രകാരം സെക്രട്ടറിയുടെ ചുമതല ഉണ്ടായിരുന്ന ശ്രീ.സുരേശൻ മമ്മാലി അനുവദിച്ചിട്ടുണ്ടെന്നും ടി ചെലവ് ഭരണസമിതി യോഗം അംഗീകരിച്ചിട്ടുമുണ്ടെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നേർ വിചാരണ സമയത്ത് സമർപ്പിച്ച മട്ടന്നൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ 2019 ആഗസ്റ്റ് 30 ലെ CMP 2438/19 CC 4267/16 നമ്പർ ഉത്തരവ് പരിശോധിച്ചതിൽ നിന്നും സർക്കാരിൻറെ 12-06-2019 ലെ L4/405/2018/Home നമ്പർ കത്ത് പ്രകാരം പ്രോസിക്യൂഷൻ പിൻവലിക്കുന്നതിന് അനുമതി നൽകിയതായും ടിയാളുകൾ ഉൾപ്പെടെയുള്ള ആരോപണ വിധേയരുടെ പേരിലുള്ള U/s 403,420,468,471,120(B) r/w 34 IPC U/s 321 (a) of CrPC പ്രോസിക്യൂഷൻ കേസ് പിൻവലിക്കുന്നതിന് ബഹു. മട്ടന്നൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി അനുമതി നൽകി ഉത്തരവായതായും കാണുന്നു. പ്രസ്തുത ഉത്തരവ് പരിശോധിച്ചതിൽ നിന്നും ശ്രീമതി.ലളിത.വി, ശ്രീ.സുരേശൻ മമ്മാലി എന്നിവരുടെ പേരിലുള്ള U/s 403,420,468,471,120(B) r/w 34 IPC U/s 321 (a) of CrPC പ്രോസിക്യൂഷൻ കേസ് പിൻവലിക്കുന്നതിന് സർക്കാർ അനുമതി നൽകുകയും, ബഹു.മട്ടന്നൂർ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയുടെ 2019 ആഗസ്റ്റ് 30 ലെ CMP 2438/19 CC 4267/16 നമ്പർ ഉത്തരവ് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തതിട്ടുമുണ്ട്. പ്രകൃതിക്ഷോഭം മൂലം പെട്ടന്നുണ്ടാകുന്ന വെള്ളപ്പൊക്കത്തെ തുടർന്ന് അടിഞ്ഞ് കൂടുന്ന മാലിന്യങ്ങളും മറ്റും പൊതുജന ആരോഗ്യത്തിന് ഭീഷണിയാണെന്നതിനാൽ ആയത് സമയബന്ധിതമായി നീക്കം ചെയ്യേണ്ട പ്രവർത്തനങ്ങളായതിനാൽ തന്നെ ഇത്തരം പ്രവൃത്തിയുടെ വ്യാപ്തിയോ, അളവുകളോ, നീക്കൽരീതികളോ മുൻകൂട്ടി നിർണ്ണയിക്കാനോ കണക്കാക്കാനോ പറ്റാത്തതാണ് എന്നതിനാലും ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചതായും അതുവഴി ഇരിട്ടി ടൗണിൽ സാധാരണ പ്രവർത്തനങ്ങൾ പുന:സ്ഥാപിച്ചതായി അറിയിച്ചിട്ടുള്ളതിനാലും പ്രസ്തുത പ്രവർത്തിയുടെ അടിയന്തിരപ്രാധാന്യം കണക്കിലെടുത്തും, പ്രവർത്തി പൂർത്തീകരിച്ച എന്നുള്ള വസ്തുതകണക്കിലെടുത്തും, ഇതു സംബന്ധിച്ച കോടതി വ്യവഹാരത്തിൽ പഞ്ചായത്തിന് അനുകൂലമായി പരാമർശങ്ങളോടെയാണ് തീർപ്പാക്കിയതെന്ന വസ്തുത കണക്കിലെടുത്തും ശ്രീമത.ലളിത.വി, ശ്രീ.സുരേശൻ മമ്മാലി എന്നിവർക്കെതിരായ അച്ചടക്കനടപടി ഒഴിവാക്കി നൽകാവുന്നതാണെന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രകൃതിക്ഷോഭം മൂലം പെട്ടന്നുണ്ടാകുന്ന വെള്ളപ്പൊക്കത്തെ തുടർന്ന് അടിഞ്ഞ് കൂടുന്ന മാലിന്യങ്ങളും മറ്റും പൊതുജന

ആരോഗ്യത്തിന് ഭീഷണിയാണെന്നതിനാൽ ആയത് സമയബന്ധിതമായി നീക്കം ചെയ്യേണ്ട പ്രവർത്തനങ്ങളായതിനാൽ തന്നെ ഇത്തരം പ്രവൃത്തിയുടെ വ്യാപ്തിയോ, അളവുകളോ, നീക്കൽരീതികളോ മുൻകൂട്ടി നിർണ്ണയിക്കാനോ കണക്കാക്കാനോ പറ്റാത്തതാണ് എന്നതിനാലും പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ച് അതുവഴി ഇരിട്ടി ടൗണിൽ സാധാരണ പ്രവർത്തനങ്ങൾ പുന:സ്ഥാപിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതിനാലും പ്രസ്തുത പ്രവർത്തിയുടെ അടിയന്തിരപ്രാധാന്യം, പ്രവർത്തി പൂർത്തീകരിച്ചു എന്നുള്ള വസ്തുത, ഇതു സംബന്ധിച്ച കോടതി വ്യവഹാരത്തിൽ പഞ്ചായത്തിന് അനുകൂലമായി പരാമർശങ്ങളോടെയാണ് തീർപ്പാക്കിയതെന്ന വസ്തുത എന്നിവ പരിഗണിച്ച്, ടിയാളുകൾ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ് എന്ന പരിഗണന നൽകി കണ്ണൂർ ജില്ലയിലെ കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.സുദേശൻ മമ്മാലി, മുൻ സാനിറ്ററി ഇൻസ്പെക്ടർ ശ്രീമതി.ലളിത.വി എന്നിവർക്കെതിരായ അച്ചടക്ക നടപടി ടിയാന്മാരെ കുറ്റവിമുക്തരാക്കി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ.സുദേശൻ മമ്മാലി, മുൻ സെക്രട്ടറി, കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ശ്രീമതി.ലളിത. വി, മുൻ സാനിറ്ററി ഇൻസ്പെക്ടർ, കീഴൂർ ചാവശ്ശേരി ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
6. ഡയറക്ടർ, വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/198 /2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം
**Signed by Sudheer S S**
**Date: 18-07-2022 10:56:32**

സെക്ഷൻ ഓഫീസർ